LIBRARY ARCHIVES Kerala Legislative Assembly

സ്പെഷ്യൽ ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് വാഹന പരിശോധന

225 (3737) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ നിയന്ത്രിക്കുവാൻ മോട്ടോർ വാഹനവകുപ്പ്, പൊലീസ് ട്രോക്കൽ വിഭാഗം, പൊലീസ് മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗം എന്നിവയെ സംയുകതമായി ഉപയോഗിച്ച് ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് വിശദമായ വാഹനപരിശോധന നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പൊലീസ് കൈകാര്യം ചെയ്യുന്ന വാഹന അപകട കേസുകളിൽ വാഹനപരിശോധന റിപ്പോർട്ട് ലഭിക്കുവാൻ കാലതാമസം ഉണ്ടാവുന്നത് ഒഴിവാക്കുന്നതിലേക്കായി പൊലീസ് മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിലെ ഓട്ടോമൊബൈൽ/ മെക്കാനിക്കൽ ഡിപ്ലോമ നേടിയ എസ്.ഐ./ഇൻസ്പെക്ടർ/ ഡി.വൈ.എസ്.പി. എന്നിവരുടെ കൂടി സേവനം പൊതുജനസൗകര്യാർത്ഥം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടന്ന അതിക്രമങ്ങൾ

226 (3738) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടന്ന അതിക്രമങ്ങളുടെ എണ്ണം എത്രവീതമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളിൽ എഫ്.ഐ.ആർ സമർപ്പിച്ചവ എത്ര; കുറ്റപത്രം സമർപ്പിച്ചവ എത്ര; വിചാരണ പൂർത്തിയാക്കിയവ എത്ര; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികൾ എത്ര; വിട്ടയക്കപ്പെട്ടവർ എത്ര; അന്വേഷണം പൂർത്തിയാകാത്ത കേസുകൾ എത്ര; അറസ്റ്റ് ചെയ്യപ്പെടാനുള്ള പ്രതികൾ എത്ര; വ്യക്തമാക്കുമോ?